165

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1993

(1993-ലെ 27-ാം നമ്പർ ആക്റ്റ്)

(2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE NATIONAL COMMISSION FOR BACKWARD CLASSES ACT, 1993

(Act 27 of 1993)

*(As on 1st January, 2002)*

വില: 12.00 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2003

# ആമുഖം

2002 ജനുവരി 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1993 (1993-ലെ 27-ാം നമ്പർ ആക്റ്റ്) ന്റെ മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഫെബ്രുവരി 10-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി 47 മുതൽ 52 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ചു പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. സുഭാഷ് സി. ജയിൻ,

ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This Edition of the National Commission for Backward Classes Act, 1993 (Act 27 of 1993) as on 1st January, 2002 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I, Vol. I, No. 1 dated 10th February, 2003 on page 47 to 52.

This authorised translation was published under the authority of the President under Clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. SUBHASH C. JAIN,

*Secretary to the Government of India.*

# പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1993

(1993-ലെ 27-ാം നമ്പർ ആക്റ്റ്)

ഉള്ളടക്കം

## അദ്ധ്യായം I

വകുപ്പുകൾ — പ്രാരംഭികം — പേജ്


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .. 1
2. നിർവ്വചനങ്ങൾ .. 1


## അദ്ധ്യായം II

പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ


3. പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷന്റെ രൂപീകരണം .. 2
4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധിയും സേവന വ്യവസ്ഥകളും .. 2
5. കമ്മീഷന്റെ ഓഫീസർമാരും മറ്റു ജീവനക്കാരും .. 3
6. ശമ്പളവും ബത്തകളും ഗ്രാന്റുകളിൽ നിന്ന് നൽകണമെന്ന് .. 3
7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന് .. 3
8. നടപടിക്രമം കമ്മീഷൻ ക്രമപ്പെടുത്തണമെന്ന് .. 3


## അദ്ധ്യായം III

കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും


9. കമ്മീഷന്റെ ചുമതലകൾ .. 4
10. കമ്മീഷന്റെ അധികാരങ്ങൾ .. 4
11. കേന്ദ്ര സർക്കാരിനാൽ ലിസ്റ്റുകളുടെ ആനുകാലിക പുതുക്കൽ .. 4


## അദ്ധ്യായം IV

ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും


12. കേന്ദ്ര സർക്കാരിനാലുള്ള ഗ്രാന്റുകൾ .. 4
13. അക്കൗണ്ടുകളും ആഡിറ്റും .. 5
14. വാർഷിക റിപ്പോർട്ട് .. 5
15. വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും പാർലമെന്റ് മുൻപാകെ വയ്പിക്കണമെന്ന് .. 5


## അദ്ധ്യായം V

പലവക


16. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ളിക് സെർവന്റുമാരായിരിക്കുമെന്ന് .. 5
17. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .. 5
18. വിഷമതകൾ നീക്കം ചെയ്യുവാനുള്ള അധികാരം .. 6
19. റദ്ദാക്കലും ഒഴിവാക്കലും .. 6


3/4067/2002 (v)

# പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1993

## (1993-ലെ 27-ാം നമ്പർ ആക്റ്റ്)

[*1993 ഏപ്രിൽ 2*]

പട്ടികജാതികളും പട്ടികഗോത്ര വർഗ്ഗങ്ങളും അല്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി ഒരു ദേശീയ കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് സാന്ദർഭികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ളിക്കിന്റെ നാല്പത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു :—

### അദ്ധ്യായം I

### പ്രാരംഭികം

ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

1. (1) ഈ ആക്റ്റിന് പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1993 എന്നു പേർ പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ, ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത്, 1993 ഫെബ്രുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

നിർവ്വചനങ്ങൾ.

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പിന്നോക്ക വിഭാഗങ്ങൾ" എന്നാൽ കേന്ദ്ര സർക്കാർ ലിസ്റ്റുകളിൽ നിർദ്ദേശിക്കാവുന്ന, പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും അല്ലാത്ത, പിന്നോക്കവിഭാഗക്കാർ എന്നർത്ഥമാകുന്നു;

(ഖ) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട, പിന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഗ) "ലിസ്റ്റുകൾ" എന്നാൽ ഭാരത സർക്കാരിന്റെ കീഴിലുള്ളതും ഭാരതത്തിന്റെ പ്രദേശത്തിനുള്ളിലുള്ളതോ ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തിന്റെയോ മറ്റധികാരസ്ഥാനത്തിന്റെയോ കീഴിലുള്ളതും ആയ സർവീസുകളിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട പൗരന്മാർ മതിയായി പ്രാതിനിധ്യം ചെയ്യപ്പെടുന്നില്ലെന്ന് ആ സർക്കാരിന് അഭിപ്രായം ഉള്ള, അങ്ങനെയുള്ള പിന്നോക്കവിഭാഗത്തിൽപ്പെട്ട പൗരന്മാർക്കുവേണ്ടി നിയമനങ്ങളോ തസ്തികകളോ സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുവാൻ അപ്പോഴപ്പോൾ കേന്ദ്രസർക്കാർ തയ്യാറാക്കുന്ന ലിസ്റ്റുകൾ എന്നർത്ഥമാകുന്നു;

(ഘ) "അംഗം" എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു ;

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

അദ്ധ്യായം II

## പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷൻ

പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷന്റെ രൂപീകരണം.

3. (1) പിന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു നികായം, ഈ ആക്റ്റിൻകീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുകയും അതിന് കൊടുത്തിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നതിനുവേണ്ടി കേന്ദ്രസർക്കാർ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷൻ, കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്:—

(ക) സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ ജഡ്ജിയായിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരു ചെയർപേഴ്സൺ;

(ഖ) ഒരു സാമൂഹ്യ ശാസ്ത്രജ്ഞൻ;

(ഗ) പിന്നോക്കവിഭാഗങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള രണ്ടാളുകൾ;

(ഘ) ഭാരത സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിലുള്ള കേന്ദ്രസർക്കാരുദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരു മെമ്പർ സെക്രട്ടറി.

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.

4. (1) ഓരോ അംഗവും, താൻ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) ഒരു അംഗത്തിന് ഏതെങ്കിലും സമയത്ത്, സ്വന്തം കൈപ്പടയിൽ കേന്ദ്ര സർക്കാരിന് എഴുതി അയച്ച്, ചെയർപേഴ്സന്റെ ഉദ്യോഗത്തിൽ നിന്നോ, അല്ലെങ്കിൽ അതത് സംഗതിപോലെ, അംഗത്തിന്റെ ഉദ്യോഗത്തിൽ നിന്നോ രാജിവയ്ക്കാവുന്നതാണ്.

(3) കേന്ദ്രസർക്കാർ അംഗത്തിന്റെ ഉദ്യോഗത്തിൽ നിന്നും ഏതൊരാളെയും, അയാൾ—

(ക) ഒരു അവിമുക്ത നിർദ്ധനനാവുകയോ;

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സദാചാരദൂഷ്യം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവിന് ശിക്ഷിക്കപ്പെടുകയും ചെയ്യുകയോ;

(ഗ) ചിത്തഭ്രമം ഉള്ളവനായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്തിരിക്കുകയും ചെയ്യുകയോ;

(ഘ) പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ പ്രവർത്തിക്കാൻ പ്രാപ്തിയില്ലാതാകുകയോ ചെയ്യുകയോ;

(ങ) കമ്മീഷനിൽ നിന്നും അനുമതി നേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മുന്നു യോഗങ്ങളിൽ പങ്കുകൊള്ളാതിരിക്കുകയോ;

(ച) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ അയാൾ ആ സ്ഥാനത്ത് തുടരുന്നത് പിന്നോക്കവിഭാഗങ്ങളുടെ താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ ഹാനികരമായിത്തീരത്തക്കവണ്ണം, ചെയർപേഴ്സന്റെയോ, അംഗത്തിന്റെയോ ഉദ്യോഗം അത്രമാത്രം ദുരുപയോഗപ്പെടുത്തുകയോ,

ചെയ്യുന്നപക്ഷം നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ഖണ്ഡത്തിൻകീഴിൽ യാതൊരാളെയും ആ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാനൊരവസരം നൽകുന്നതുവരെയും, നീക്കം ചെയ്യാവുന്നതല്ല.

(4) (2)-ാം ഉപവകുപ്പിൻകീഴിലോ മറ്റു വിധത്തിലോ ഉണ്ടായ ഒരു ഒഴിവ് പുതിയ നാമനിർദ്ദേശം വഴി നികത്തേണ്ടതാണ്.

(5) ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

കമ്മീഷന്റെ ഓഫീസർമാരും മറ്റ് ജീവനക്കാരും

5. (1) കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് ആവശ്യമെന്ന് കരുതുന്ന ഓഫീസർമാരെയും ജീവനക്കാരെയും കേന്ദ്ര സർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിനുവേണ്ടി നിയമിക്കപ്പെട്ട ഓഫീസർമാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ട ശംബളവും ബത്തകളും അവരുടെ സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

ശംബളവും ബത്തകളും ഗ്രാന്റുകളിൽ നിന്ന് നൽകണമെന്ന്.

6. ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും 5-ാം വകുപ്പിൽ പരാമർശിച്ച ഓഫീസർമാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ട ശംബളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണച്ചെലവുകളും, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്ന് നൽകേണ്ടതാണ്.

ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.

7. കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ അതിന്റെ സംവിധാനത്തിൽ ഏതെങ്കിലും ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം കമ്മീഷന്റെ ഏതെങ്കിലും കൃത്യമോ നടപടിയോ അസാധുവാകുന്നതല്ല.

നടപടിക്രമം കമ്മീഷൻ ക്രമപ്പെടുത്തണമെന്ന്.

8. (1) ചെയർപേഴ്സൺ യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ്.

(2) കമ്മീഷൻ അതിന്റെ നടപടിക്രമം ക്രമപ്പെടുത്തേണ്ടതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ സെക്രട്ടറിയോ മെമ്പർ സെക്രട്ടറി ഇതിലേക്ക് യഥാവിധി അധികാരപ്പെടുത്തിയ കമ്മീഷന്റെ മറ്റേതെങ്കിലും ഓഫീസറോ പ്രമാണീകരിക്കേണ്ടതാണ്.

അദ്ധ്യായം III

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

കമ്മീഷന്റെ ചുമതലകൾ.

9. (1) കമ്മീഷന്, ഏതെങ്കിലും വിഭാഗം പൗരന്മാരെ പിന്നോക്കവിഭാഗക്കാരായി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അഭ്യർത്ഥനകൾ പരിശോധിക്കുകയും, ഏതെങ്കിലും പിന്നോക്കവിഭാഗക്കാരെ അങ്ങനെയുള്ള ലിസ്റ്റുകളിൽ കൂടുതലായി ഉൾപ്പെടുത്തിയെന്നോ കുറവായി ഉൾപ്പെടുത്തിയെന്നോ ഉള്ള പരാതി കേൾക്കുകയും കേന്ദ്രസർക്കാരിന് ഉചിതമെന്ന് അതു കരുതുന്ന ഉപദേശം നൽകുകയും ചെയ്യാവുന്നതാണ്.

(2) കമ്മീഷന്റെ ഉപദേശം സാധാരണഗതിയിൽ കേന്ദ്രസർക്കാരിന് ബാധകമാകുന്നതാണ്.

കമ്മീഷന്റെ അധികാരങ്ങൾ.

10. കമ്മീഷന്, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലുള്ള അതിന്റെ ചുമതലകൾ നിർവഹിക്കുമ്പോൾ, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും, പ്രത്യേകിച്ച്, താഴെ പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഏതു ഭാഗത്തുനിന്നും ഏതൊരാളെയും സമൻ ചെയ്യുകയും ഹാജരാക്കിക്കുകയും, ശപഥത്തിൻമേൽ വിസ്തരിക്കുകയും ചെയ്യുക;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യുന്നതിനാവശ്യപ്പെടുക;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുക;

(ഘ) ഏതെങ്കിലും കോടതിയിലോ ഓഫീസിലോ നിന്ന് ഏതെങ്കിലും പബ്ലിക് റെക്കോർഡോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ങ) സാക്ഷികളെ വിസ്തരിക്കുവാനും, പ്രമാണങ്ങൾ പരിശോധിക്കുവാനും കമ്മീഷനുകൾ പുറപ്പെടുവിക്കുക;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതി.

കേന്ദ്രസർക്കാരിനാൽ ലിസ്റ്റുകളുടെ ആനുകാലിക പുതുക്കൽ.

11. (1) പിന്നോക്കവിഭാഗക്കാരല്ലാത്തതായി തീർന്ന വിഭാഗങ്ങളെ ലിസ്റ്റുകളിൽ നിന്ന് ഒഴിവാക്കുവാനോ അങ്ങനെയുള്ള ലിസ്റ്റുകളിൽ പുതിയ പിന്നോക്ക വിഭാഗക്കാരെ ഉൾപ്പെടുത്തുവാനോ ഉള്ള ഉദ്ദേശ്യത്തിൽ, ഏതു സമയത്തും അങ്ങനെയുള്ള ലിസ്റ്റുകൾ കേന്ദ്രസർക്കാരിന് പുതുക്കാവുന്നതും ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് പത്തു വർഷത്തിനുശേഷവും അതിനുശേഷം പിന്നീടുള്ള ഓരോ പത്തു വർഷക്കാലാവധിയിലും അങ്ങനെയുള്ള ലിസ്റ്റുകൾ കേന്ദ്രസർക്കാർ പുതുക്കേണ്ടതുമാണ്.

(2) കേന്ദ്രസർക്കാർ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പുതുക്കൽ നടപടികൾ എടുക്കുമ്പോൾ കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.

അദ്ധ്യായം IV

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

കേന്ദ്ര സർക്കാരിനാലുള്ള ഗ്രാന്റുകൾ.

12. (1) പാർലമെന്റ് ഇതിലേക്ക് ഉണ്ടാക്കുന്ന നിയമം മുഖേന ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഉചിതമെന്ന് കേന്ദ്രസർക്കാർ കരുതാവുന്ന പണത്തുകകൾ ഗ്രാന്റായി കമ്മീഷന് കേന്ദ്രസർക്കാർ നൽകേണ്ടതാണ്.

(2) കമ്മീഷന് ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവഹിക്കുന്നതിന് യുക്തമെന്ന് അതു കരുതുന്ന തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്നും കൊടുക്കാവുന്ന വ്യയമായി കരുതപ്പെടേണ്ടതുമാണ്.

13. (1) കമ്മീഷന്, ശരിയായ അക്കൗണ്ടുകളും പ്രസക്തമായ മറ്റു റിക്കാർഡുകളും വച്ചുപോരുകയും കേന്ദ്രസർക്കാർ ഭാരതത്തിന്റെ കൺട്രോളർ ആന്റ് ആഡിറ്റർ-ജനറലുമായി ആലോചിച്ച് നിർണ്ണയിക്കാവുന്ന ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അക്കൗണ്ടുകളും ആഡിറ്റും

(2) കമ്മീഷന്റെ അക്കൗണ്ടുകൾ കൺട്രോളർ ആൻഡ് ആഡിറ്റർ-ജനറൽ, അദ്ദേഹം നിർദ്ദേശിക്കുന്ന ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവ് കൺട്രോളർ ആൻഡ് ആഡിറ്റർ ജനറലിന് കമ്മീഷൻ നൽകേണ്ടതുമാണ്.

(3) കൺട്രോളർ ആൻഡ് ആഡിറ്റർ-ജനറലിനും ഈ ആക്റ്റിൻ കീഴിൽ കമ്മീഷന്റെ അക്കൗണ്ടുകൾ ആഡിറ്റ് സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതെങ്കിലും ആൾക്കും, അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച് കൺട്രോളർ ആൻഡ് ആഡിറ്റർ-ജനറലിന് സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് സംബന്ധിച്ച് സാമാന്യമായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും, ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും പ്രമാണങ്ങളും മറ്റു രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടാനും, കമ്മീഷന്റെ ഏത് ഓഫീസും പരിശോധിക്കാനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

14. കമ്മീഷൻ ഓരോ സാമ്പത്തിക വർഷവും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും സമയത്തും മുൻ സാമ്പത്തികവർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിവരണം നൽകുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്. വാർഷിക റിപ്പോർട്ട്

15. കേന്ദ്രസർക്കാർ 9-ാം വകുപ്പിൻകീഴിൽ കമ്മീഷൻ നൽകിയ ഉപദേശത്തിൻമേൽ എടുത്ത നടപടികളുടെ ഒരു മെമ്മോറാണ്ടവും, അങ്ങനെയുള്ള ഏതെങ്കിലും ഉപദേശം സ്വീകരിക്കാതിരിക്കാനുള്ള കാരണം വല്ലതുമുണ്ടെങ്കിൽ അതും സഹിതമുള്ള വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും അവ ലഭിച്ചശേഷം കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്. വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും പാർലമെന്റ് മുമ്പാകെ വയ്പിക്കണമെന്ന്.

## അദ്ധ്യായം V

## പലവക

16. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും, ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത, 1860 (1860-ലെ 45)-ന്റെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ജീവനക്കാരും പബ്ലിക് സെർവന്റുമാരായിരിക്കുമെന്ന്.

17. (1) കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

അതായത്,—

(ക) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിൽ ചെയർപേഴ്സണും അംഗങ്ങൾക്കും, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഓഫീസർമാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും മറ്റു സേവന നിബന്ധനകളും ഉപാധികളും;

(ഖ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ അക്കൗണ്ടുകളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട ഫാറം;

(ഗ) 14-ാം വകുപ്പിൻകീഴിൽ വാർഷിക റിപ്പോർട്ട് തയ്യാറാക്കാവുന്നത് ഏതു ഫാറത്തിലും ഏതു സമയത്തിനുള്ളിലും ആണെന്ന്;

(ഘ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയം.

(3) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ അത് സമ്മേളിച്ചിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻ പറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കാൻ പാടില്ലെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതുമാണ്.

വിഷമതകൾ നീക്കം ചെയ്യുവാനുള്ള അധികാരം.

18. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ എന്തെങ്കിലും വിഷമത ഉണ്ടാവുകയാണെങ്കിൽ, കേന്ദ്രസർക്കാരിന്, ആ വിഷമതകൾ നീക്കം ചെയ്യുന്നതിനുവേണ്ടി, ഉചിതമോ യുക്തമോ ആണെന്ന് അത് കരുതാവുന്ന, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവുവഴി വ്യവസ്ഥയുണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ട് വർഷക്കാലം കഴിഞ്ഞശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാവുന്നതല്ല.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഓരോ ഉത്തരവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

റദ്ദാക്കലും ഒഴിവാക്കലും.

19. (1) പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ഓർഡിനൻസ്, 1993-ലെ (1993-ലെ 23) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, ആ ഓർഡിനൻസിൻകീഴിൽ ചെയ്ത ഏതു കൃത്യവും എടുത്ത ഏതു നടപടിയും ഈ ആക്റ്റിന്റെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.